GOVERNMENT OF TAMILNADU

ഒന്നാം ക്ലാസ്

STANDARD ONE

ഘട്ടം- I

TERM - I

ഗണിതം

MATHEMATICS

പരിസര പഠനം

ENVIRONMENTAL SCIENCE

Malayalam Medium

Department of School Education

Untouchability is inhuman and a crime

Government of Tamil Nadu

First Edition - 2026

(Published under New Syllabus in Trimester Pattern)

Price: Rs.

A call can change your life (24×7 toll free helplines for children below 18 years)

If you are forced into
Child Marriage or Child Labour,
If you are Emotionally,
Physically, Sexually
Harassed or Abused,

If you feel unsafe dial CHILDLINE 1098 Night & Day

Caller details will be kept confidential

If you are feeling Threatened or
being Abused or Harassed –
Emotionally, Physically or Sexually,
If you are feeling unsafe,
If you need guidance for
Examinations or Higher Education

Dial 14417

Education Information Centre

Caller details will be kept confidential

Content Creation

State Council of Educational Research and Training

© SCERT 2026

Printing & Publishing

Tamil Nadu Textbook and Educational Services Corporation

THE CONSTITUTION OF INDIA

PREAMBLE

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a **SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC** and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity;

and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**

ഒന്നാം ക്ലാസ്

ഘട്ടം- I

ഗണിതം



ആമുഖം

2025 ലെ തമിഴ്നാട് സംസ്ഥാന വിദ്യാഭ്യാസ നയം (TNSEP), കുട്ടികൾക്ക് പ്രാഥമിക തലത്തിൽ തന്നെ നൈപുണ്യാധിഷ്ഠിത പഠനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് വേണ്ടി പ്രവർത്തനാധിഷ്ഠിത, വിനോദാധിഷ്ഠിത, അനുഭവാധിഷ്ഠിത പഠനത്തിന് ഊന്നൽ നൽകുന്നു.

ഗണിത കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുള്ള സവിശേഷ ഘടകങ്ങൾ



നമുക്ക് പഠിക്കാമോ

കഥകളിലൂടെയും യഥാർത്ഥ ജീവിത സാഹചര്യങ്ങളിലൂടെയും പാഠങ്ങളെ ദൈനംദിന അനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നു.



ചെയ്തു നോക്കാമോ

പ്രവർത്തനാധിഷ്ഠിത പഠനം കുട്ടികളിൽ ഏകോപനശേഷികൾ വികസിപ്പിക്കുന്നതിനും പുതിയ ആശയങ്ങളിൽ ശക്തികേന്ദ്രീകരിക്കുന്നതിനും സഹായിക്കുന്നു.



നമുക്ക് പരിശീലിക്കാമോ?

ഗെയിമുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും അടിസ്ഥാന ഗണിതശേഷികൾ ശക്തിപ്പെടുത്തുന്നു.



പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

കാര്യകാരണ ചിന്ത പ്രകടിപ്പിക്കാൻ സഹായിക്കുന്നു.

ഒന്നാം ക്ലാസിന്റെ ഒന്നാം ഘട്ട പാഠപുസ്തകം ഒരു തയ്യാറെടുപ്പ് യൂണിറ്റോടുകൂടി രണ്ട് യൂണിറ്റുകളിലായുള്ള ഒരു കേന്ദ്രീകൃത സമീപന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.



യൂണിറ്റ് - 1

- സ്പേഷ്യൽ കോറിലേഷനുകൾ പഠിക്കൽ
- സംഖ്യകൾ കൈകാര്യം ചെയ്യൽ.



യൂണിറ്റ് - 2

- സംഖ്യ സംബന്ധിച്ച പ്രവർത്തനങ്ങൾ ചെയ്യൽ
- നീളം താരതമ്യം ചെയ്യൽ

പാഠപുസ്തകത്തിന്റെ സവിശേഷതകൾ



സമഗ്ര പഠനം

കല, ചലനാത്മക ശേഷികൾ, ജീവിത നൈപുണ്യങ്ങൾ, മൂല്യങ്ങൾ എന്നിവയെ സമന്വയിപ്പിക്കുന്നു.



അധ്യാപക സഹായി

പാഠപുസ്തകത്തിന പ്പുറം, പ്രവർത്തന വിശദീകരണങ്ങളും കൂടുതൽ ഉള്ളടക്കങ്ങളും നൽകി അധ്യാപകർക്ക് പിന്തുണ നൽകുന്നു.



ഇലക്ട്രോണിക് വിഭവങ്ങൾ

കുട്ടികൾക്ക് അനുഭവത്തിലൂടെയുള്ള പഠനം, സ്വയം വേഗത്തിലുള്ള പഠനം, വൈവിധ്യമാർന്ന പഠന രീതികൾ എന്നിവ നൽകുന്നു.

മൂല്യനിർണ്ണയവും പരിഹാരബോധനവും

പാഠപുസ്തകത്തിൽ നൽകപ്പെട്ടിട്ടുള്ള പരിശീലന പ്രവർത്തനങ്ങൾ, തുറന്ന ചോദ്യങ്ങൾ, പര്യവേഷണം ചെയ്ത് മനസ്സിലാക്കൽ തുടങ്ങിയവ മൂലം കാര്യകാരണ ചിന്ത, വിശകലന ശേഷികൾ, ഗണിതശാസ്ത്ര സംബന്ധമായ ശേഷികൾ, 21ാം നൂറ്റാണ്ടിനാവശ്യമായ ശേഷികൾ എന്നിവ വികസിപ്പിക്കാൻ സഹായിക്കുന്നു.

പഠന യാത്ര



ഓരോ പാഠത്തിന്റെയും അവസാനം പഠന നേട്ടത്തിന്റെ നിലവാരം നിരീക്ഷിക്കാനും പരിഹാരബോധനം ആസൂത്രണം ചെയ്യാനും ഇത് വഴികാണിക്കുന്നു.

ഞാൻ ചെയ്യും



വായ്മൊഴി പ്രവർത്തനങ്ങൾ, വരമൊഴി പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ എന്നിവമൂലം ഒഴിച്ചുകൂടാനാവാത്ത പഠന ഫലങ്ങൾ വിലയിരുത്തപ്പെടുന്നു.

സാങ്കേതികമായി പുരോഗമിച്ച ഇന്നത്തെ സാഹചര്യത്തിൽ, കുട്ടികൾ വിവിധ വേദികളിലൂടെയും സാമൂഹിക ഇടപെടലുകളിലൂടെയും നിരവധി അനുഭവങ്ങൾ നേടുന്നു, കുട്ടികളുടെ ഗണിതശാസ്ത്ര ശേഷികൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ഉറവിടമായി പാഠപുസ്തകങ്ങൾ വർത്തിക്കുന്നു. അതിനാൽ, കുട്ടികളുടെ ഗണിതശാസ്ത്ര ചിന്ത മെച്ചപ്പെടുത്തുന്നതിനും, പാഠ്യ ആശയം ശക്തിപ്പെടുത്തുന്നതിനും അതിനെ യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ ഫലപ്രദമായി പ്രയോഗിക്കുന്നതിനും ഉതകുന്ന വിധത്തിൽ, വിവിധ തരത്തിലുള്ള മൂല്യനിർണ്ണയ ഉപകരണങ്ങളും, കൂടുതൽ പ്രവർത്തനങ്ങളും, വിവിധ പഠന വിഭവങ്ങളും പഠനപ്രക്രിയയിൽ ഉൾപ്പെടുത്താൻ അധ്യാപകരോട് ആവശ്യപ്പെടുന്നു.

ഉള്ളടക്കം

യൂണിറ്റ് - 1

പാഠഭാഗം

1. പന്ത് എവിടെ? 1

2. എനിക്ക് ഇഷ്ടപ്പെട്ട വസ്തുക്കൾ 8

3. പാവകൾ എത്ര? 16

4. വിട്ടുപോയവ ഏത്? 36



യൂണിറ്റ് -2



പാഠഭാഗം

5. ആരുടെ കൈവശമാണ് കൂടുതൽ? 45

6. ആകെ ബലൂണുകൾ 47

7. എനിക്ക് ചുറ്റുമുള്ള വസ്തുക്കൾ 58

8. ബാക്കിയുള്ള ബലൂണുകൾ 65

e-book

i-book

യൂണിറ്റ് 1

1. പന്ത് എവിടെ?

നമുക്ക് പഠിക്കാമോ

കവിത തന്റെ പന്ത് ദീർഘനേരമായി തിരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് അവളുടെ സഹോദരൻ അവിടെ വന്നത്.

























പന്ത് എടുത്ത ശേഷം അവർ എല്ലാപേരും ഒരുമിച്ച് സന്തോഷത്തോടെ കളിച്ചു.

അധ്യാപക സഹായി

കഥ പറഞ്ഞ് കഥയിൽ വരുന്ന അകത്ത് - പുറത്ത്, മുകളിൽ - അടിയിൽ, മുകളിൽ - താഴെ മുന്നിൽ - പിന്നിൽ, ഉച്ചി - പാദം, എന്നീ സ്ഥലസംബന്ധമായ പദാവലികൾ ഉപയോഗിച്ച് കുട്ടികളെ പ്രോത്സാഹിപ്പിക്കാം.

ചെയ്തു നോക്കാമോ



അധ്യാപക സഹായി

കുട്ടികളെ വൃത്താകൃതിയിൽ നിർത്തി, ഉച്ചി - പാദം, അകത്ത് - പുറത്ത്, എന്നീ പദങ്ങൾ ലഘു ആജ്ഞകളായി നൽകി കളിപ്പിക്കാം.

നമുക്ക് പരിശീലിക്കാമോ

കുട്ടയുടെ അകത്തുള്ള പപ്പായ പഴത്തെ (✓) ചെയ്യുക.



കൂടിന് പുറത്ത് ഇരിക്കുന്ന പക്ഷിയെ (✓) ചെയ്യുക



താഴെ തന്നിട്ടുള്ള വീടിനു പുറത്തു കാണപ്പെടുന്ന ചില വസ്തുക്കളുടെ ചിത്രം വരയ്ക്കുക.



നമുക്ക് പരിശീലിക്കാമോ

ചിത്രത്തിൽ താഴെ ഉള്ളതിനെ (✓) ചെയ്യുക



മരത്തിനു മുകളിൽ പറക്കുന്ന പക്ഷിയെ (✓) ചെയ്യുക



പന്തിനു താഴെ ഉള്ള വസ്തുക്കൾക്ക് തവിട്ട് നിറം കൊടുക്കുക



വിമാനത്തിന് മുകളിൽ ഉള്ള മേഘത്തിന് നീല നിറം കൊടുക്കുക.



തോണിക്ക് മുകളിൽ ~, തോണിക്ക് താഴെ  വരയ്ക്കുക.



നമുക്ക് പരിശീലിക്കാമോ

ഉച്ചിയിൽ ഉള്ള കല്ലിനെ (✓) ചെയ്യുക.



കുന്നിന്റെ ചുവട്ടിൽ നിൽക്കുന്ന ആളിനെ (✓) ചെയ്യുക.



ഉച്ചിയിൽ ഉള്ള പക്ഷിക്ക് ▬ നിറവും പാദത്തിൽ ഉള്ള മൃഗത്തിന് ▬ നിറവും നൽകുക.



ഉച്ചിയിൽ ഉള്ള മൃഗത്തിന് ▬ നിറവും പാദത്തിൽ ഉള്ള മൃഗത്തിന് ▬ നിറവും നൽകുക.



മരത്തിന്റെ ഉച്ചിയിൽ ☺, പാദത്തിൽ 🧍 വരയ്ക്കുക.



നമുക്ക് പരിശീലിക്കാമോ

മേശയുടെ മുകളിൽ ഉള്ള വസ്തുവിനെ (✓) ചെയ്യുക.



മരത്തിൻറെ അടിയിൽ ഉള്ള മൃഗത്തെ (✓) ചെയ്യുക.



മേശയുടെ മുകളിൽ ഉള്ളതിന് ചുവപ്പു നിറവും അടിയിൽ ഉള്ളതിന് പച്ച നിറവും നൽകുക.





വണ്ടിയുടെ മുകളിൽ ഒരു പർപ്പിൾ നിറമുള്ള വസ്തുവും അടിയിൽ ഒരു തവിട്ട് നിറമുള്ള വസ്തുവും വരയ്ക്കുക.



ചെയ്തു നോക്കാമോ

പന്ത് കൈമാറൽ



അധ്യാപക സഹായി

കുട്ടികളോട് വരിവരിയായി നിൽക്കാൻ ആവശ്യപ്പെട്ട് അധ്യാപിക 'ആരംഭിക്കാം' എന്ന് പറഞ്ഞ ഉടനെ കുട്ടികൾ പന്ത് പിന്നിലേക്ക് കൈമാറി തുടങ്ങണം. 'നിർത്തുക' എന്ന് പറഞ്ഞ ഉടനെ പന്ത് കൈമാറുന്നത് നിർത്തണം. കുട്ടികൾ അവരവർ നിൽക്കുന്ന സ്ഥാനം പറയണം.

നമുക്ക് പരിശീലിക്കാമോ

ഇല വച്ചിരിക്കുന്ന ഉറുമ്പിന്റെ മുന്നിലുള്ള ഉറുമ്പിനെ (✓) ചെയ്യുക.



കണ്ണടച്ചിരിക്കുന്ന താറാവിന്റെ പിന്നിലുള്ള താറാവിനെ (✓) ചെയ്യുക.



പക്ഷിയുടെ മുന്നിൽ  പക്ഷിയുടെ പിന്നിൽ  വരയ്ക്കുക.



2. എനിക്ക് ഇഷ്ടപ്പെട്ട വസ്തുക്കൾ

നമുക്ക് പഠിക്കാമോ

അപ്പു അവന്റെ അച്ഛന്റെ കൂടെ യാത്ര ചെയ്യുവാൻ ആവശ്യമായ വസ്തുക്കൾ പെട്ടിയിൽ വയ്ക്കുന്നു. ആ വസ്തുക്കളെ പ്രത്യേകം പ്രത്യേകം തരംതിരിക്കാൻ അവനെ സഹായിക്കാൻ കഴിയുമോ?



പച്ച ഗ്രൂപ്പിലുള്ള വിദ്യാർത്ഥികളും ചുവപ്പ് ഗ്രൂപ്പിലുള്ള വിദ്യാർത്ഥികളും തങ്ങളുടെ വസ്തുക്കൾ പ്രത്യേകം പ്രത്യേകം പെട്ടിയിൽ വയ്ക്കാൻ താല്പര്യപ്പെടുന്നു ആ വസ്തുക്കളെ തരംതിരിക്കാൻ അവരെ സഹായിക്കാമോ?



അധ്യാപക സഹായി

നൽകപ്പെട്ടിട്ടുള്ള സന്ദർഭം പറഞ്ഞുകൊടുത്ത് വസ്തുക്കളെ അവയുടെ നിറം, അളവ്, ആകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കാൻ പ്രോത്സാഹിപ്പിക്കുക.

ചെയ്തു നോക്കാമോ



അധ്യാപക സഹായി

ഇലകളുടെ നിറം, അളവ്, ആകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ഈ പ്രവർത്തനം ഈർക്കിലുകൾ, വിത്തുകൾ, കല്ലുകൾ എന്നിവ ഉപയോഗിച്ച് വിപുലീകരിക്കുക.

നമുക്ക് പരിശീലിക്കാമോ

താഴെ തന്നിട്ടുള്ള കുറിപ്പുകളുടെ അടിസ്ഥാനത്തിൽ പൊട്ടുകളെ തരംതിരിച്ച് വരയ്ക്കുക.



നിറത്തിന്റെ അടിസ്ഥാനത്തിൽ



അളവിന്റെ അടിസ്ഥാനത്തിൽ



ആകൃതിയുടെ അടിസ്ഥാനത്തിൽ



പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

ചുവപ്പ് നിറത്തിലുള്ള വസ്തുക്കളെ വട്ടമിടുക.










തന്നിരിക്കുന്ന വസ്തുക്കളെ ജല ടാങ്കിന്റെ നിറത്തിനനുസൃതമായി യോജിപ്പിക്കുക.





താഴെ തന്നിട്ടുള്ള പഴത്തിനേക്കാൾ വലിയ പഴം വരയ്ക്കുക.



താഴെതന്നിട്ടുള്ളബലൂണിനെക്കാൾ ചെറിയ ബലൂൺ വരയ്ക്കുക.



പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

താഴെ തന്നിട്ടുള്ള പഴങ്ങളെ അതിന് അനുയോജ്യമായ കൂടയുമായി യോജിപ്പിക്കുക.






ഒരേ രൂപത്തിലുള്ള വസ്തുക്കളെ യോജിപ്പിക്കുക.










ആര് പറയുന്നതാണ് ശരി?






താഴെ തന്നിട്ടുള്ള വസ്തുക്കളെ തരംതിരിക്കാനുള്ള വ്യത്യസ്ത വഴികൾ നിങ്ങൾക്ക് പറയാൻ സാധിക്കുമോ?








നമുക്ക് പരിശീലിക്കാമോ

നിറത്തിന്റെ അടിസ്ഥാനത്തിൽ പൂർത്തിയാക്കുക.



ഘടന നിരീക്ഷിച്ച് അടുത്ത് വരേണ്ട ചിത്രം (✓)ചെയ്യുക.



പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

തന്നിട്ടുള്ള ഘടനയിൽ യോജിക്കാത്തതിനെ (✓) ചെയ്ത് വിശദീകരിക്കുക.



നിറം നൽകി ശരിയായ ഘടന രൂപീകരിക്കുക.



ഘടന നിരീക്ഷിച്ച് ശരിയായ നിറങ്ങൾ കൊടുക്കുക.



അധ്യാപക സഹായി

ദൈനംദിന ജീവിതസാഹചര്യങ്ങളിൽ കാണപ്പെടുന്ന വർണ്ണഘടനകൾ നിരീക്ഷിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക അവർക്ക് പുതിയ ഘടനകൾ സൃഷ്ടിക്കാനുള്ള അവസരങ്ങൾ നൽകുക.

ചെയ്തു നോക്കാമോ



അധ്യാപക സഹായി

വിദ്യാർത്ഥികളോട് ക്ലാസ്റൂമിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ശേഖരിക്കാൻ പറയുക. ഒരു വിദ്യാർത്ഥിയുടെ കണ്ണുകൾ കെട്ടിയതിനു ശേഷം ഏതെങ്കിലും ഒരു വസ്തു എടുക്കുവാൻ പറയുക. അതിനെ തൊട്ടു മനസ്സിലാക്കി അത് വളഞ്ഞതാണോ അല്ലെങ്കിൽ പരന്നതാണോ എന്നത് പറയാൻ പറയുക.

നമുക്ക് പരിശീലിക്കാമോ

പരന്ന വസ്തുക്കളെ (✓) ചെയ്യുക.


☐


☐


☐


☐

വളഞ്ഞ വസ്തുക്കളെ വട്ടമിടുക.









പരന്ന വസ്തുവിന് നിറമിടുക.







വളഞ്ഞ വസ്തുവിന് നിറമിടുക.





ചെയ്തു നോക്കാമോ



അധ്യാപക സഹായി

വിദ്യാർത്ഥികളോട് കുറച്ചു വസ്തുക്കൾ ശേഖരിക്കാൻ പറയുക. ആ വസ്തുക്കളെ ഒരു ചരിഞ്ഞ പലകയിൽ വച്ച് അവ ഉരുളുന്നവയാണോ അല്ലെങ്കിൽ വഴുതുന്നവയാണോ എന്നതിനെ ചെയ്തു നോക്കി മനസ്സിലാക്കാൻ ആവശ്യപ്പെടുക.

നമുക്ക് പരിശീലിക്കാമോ

ഉരുളുന്ന വസ്തുവിനെ വട്ടമിടുക.



വഴുതുന്ന വസ്തുവിനെ കോളമിടുക.



ഉരുളുകയും വഴുതുകയും ചെയ്യുന്ന വസ്തുവിനെ വട്ടമിടുക.



ഒരു വസ്തു എങ്ങനെ ഉരുളയും വഴുതുകയും ചെയ്യും.



താഴെ തന്നിട്ടുള്ള വസ്തുക്കളുടെ സവിശേഷതയെ (✓) ചെയ്തു അതുപോലുള്ള മറ്റൊരു വസ്തുവിനെ വരയ്ക്കുക.

		
☐ ഉരുളുന്നു ☐ വഴുതുന്നു ☐ ഉരുളുന്നു, വഴുതുന്നു	☐ ഉരുളുന്നു ☐ വഴുതുന്നു ☐ ഉരുളുന്നു, വഴുതുന്നു	☐ ഉരുളുന്നു ☐ വഴുതുന്നു ☐ ഉരുളുന്നു, വഴുതുന്നു

പഠനയാത്ര

1. പച്ചനിറത്തിലുള്ള ചിത്രങ്ങളെ വട്ടമിടുക.





2. വർണ്ണ ഘടന പൂർത്തിയാക്കുക.



3. വളഞ്ഞ വസ്തുവിനെ വട്ടമിടുക.





4. വഴുതുന്ന വസ്തുവിനെ (✓) ചെയ്യുക.





☐ ☐ ☐

5. ഉരുളുന്നതും വഴുതുന്നതുമായ വസ്തുവിനെ വട്ടമിടുക.





ഞാൻ പഠിച്ചവ

വസ്തുക്കളെ തരംതിരിക്കൽ			
വർണ്ണ ഘടനകൾ			
പരന്നതും വളഞ്ഞതുമായ വസ്തുക്കൾ			
ഉരുളുന്നതും വഴുതുന്നതും ആയ വസ്തുക്കൾ.			

3. പാവകൾ എത്ര?

നമുക്ക് പഠിക്കാമോ

കളിമണ്ണ് ഉപയോഗിച്ച് കവിതയും രവിയും പാവകൾ ചെയ്യുന്നു.





ഞങ്ങൾ ഒന്ന് ചെയ്തു കഴിഞ്ഞു. നിങ്ങൾ മറ്റൊന്ന് യോജിപ്പിക്കാൻ ശ്രമിച്ചു നോക്കുക.





വ്യത്യസ്ത രീതികളിൽ പാത്രങ്ങളെയും സ്പൂണുകളെയും യോജിപ്പിക്കുക. ക്ലാസ് റൂം സാഹചര്യങ്ങളിൽ ലഭിക്കുന്ന വസ്തുക്കളെ നിരീക്ഷിക്കാൻ വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുക. നിരീക്ഷിച്ച ഏതെങ്കിലും ഒരു വസ്തുവിനെ ബ്ലാക്ക്ബോർഡിൽ വരച്ച് അവയുടെ ജോഡിയുമായി യോജിപ്പിക്കുക.

നമുക്ക് പഠിക്കാമോ


കൂടുതൽ പാവകൾ ചെയ്തത് ആര് എന്ന് കണ്ടു പിടിക്കാമോ?
ഒന്നിനോടൊന്ന് യോജിപ്പിച്ചുനോക്കി കൂടുതൽ പാവകൾ ചെയ്തത് ആരാണെന്ന് കണ്ടുപിടിക്കാം .




എന്റെ കൈവശം പന്തുകളെക്കാൾ കൂടുതൽ ക്രിക്കറ്റ് ബാറ്റുകൾ ഉണ്ട്.
എന്റെ കൈവശം ക്രിക്കറ്റ് ബാറ്റുകളെക്കാൾ കുറഞ്ഞ എണ്ണത്തിൽ പന്തുകൾ ഉണ്ട്

ചെയ്തു നോക്കാമോ









പെൻസിലുകൾ, മുത്തുകൾ, വിത്തുകൾ, വെള്ളാരങ്കല്ലുകൾ മുതലായ വസ്തുക്കളെ ശേഖരിക്കാനാവശ്യപ്പെട്ട് ഒന്നിനോടൊന്ന് യോജിപ്പിക്കുന്ന പ്രവർത്തനം ചെയ്യിപ്പിച്ച് കൂടുതൽ, കുറവ്, തുല്യം എന്നീ ആശയങ്ങൾ കുട്ടികൾ മനസ്സിലാക്കുന്ന വിധത്തിൽ അവർക്ക് പ്രോത്സാഹനം നൽകണം.

നമുക്ക് പരിശീലിക്കാമോ

ഒന്നിനോടൊന്ന് യോജിപ്പിക്കുക.













നമുക്ക് പരിശീലിക്കാമോ

ഒന്നിനോടൊന്ന് യോജിപ്പിച്ച് കൂടുതൽ ഉള്ളവയ്ക്ക് (✓) ചെയ്യുക.



✓











ഒന്നിനോടൊന്ന് യോജിപ്പിച്ച് കുറവ് ഉള്ളവയ്ക്ക് (✓) ചെയ്യുക.





നമുക്ക് പരിശീലിക്കാമോ

കൂടുതൽ ഉള്ളവയ്ക്ക് (✓) ചെയ്യുക.



☐ ☐



☐ ☐

കുറവ് ഉള്ളവയ്ക്ക് (✓) ചെയ്യുക.



☐ ☐



☐ ☐

പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

താഴെ തന്നിട്ടുള്ള ഇലകളെക്കാൾ കൂടുതൽ ഇലകൾ വരയ്ക്കുക.



താഴെ തന്നിട്ടുള്ള വീടുകളെക്കാൾ കുറവ് വീടുകൾ വരയ്ക്കുക.



നമ്മൾ എത്ര പേർ?

പീറ്റർ തോട്ടത്തിൽ കളിച്ചുകൊണ്ടിരുന്നപ്പോൾ മഴപെയ്യാൻ തുടങ്ങി.















അധ്യാപക സഹായി

ചിത്രകഥ പറഞ്ഞുകൊടുത്ത്, കുട്ടികൾ സംഖ്യകളെ കുറിച്ച് സംസാരിക്കേണ്ട സാഹചര്യം ഉണ്ടാക്കി അവരുടെ കുടുംബാംഗങ്ങളുടെ എണ്ണം, അവരുടെ വളർത്തുമൃഗങ്ങളുടെ എണ്ണം, സുഹൃത്തുക്കളുടെ എണ്ണം എന്നിവയെ കുറിച്ചുള്ളചോദ്യങ്ങൾ ചോദിക്കുക.



നമുക്ക് പഠിക്കാമോ

സംഖ്യകൾ 1 മുതൽ 9 വരെ

		1 ഒന്ന്
		2 രണ്ട്
		3 മൂന്ന്
		4 നാല്
		5 അഞ്ച്
		6 ആറ്
		7 ഏഴ്
		8 എട്ട്
		9 ഒൻപത്



ചെയ്തു നോക്കാമോ

വിരൽ വിനോദം!





വിദ്യാർത്ഥികളോട് ജോഡികളായി കളിക്കാൻ ആവശ്യപ്പെടണം. ഒരു വിദ്യാർത്ഥിയോട് തന്റെ വിരലുകൾ ഉപയോഗിച്ച് ഒരു സംഖ്യയെ കാണിക്കാൻ ആവശ്യപ്പെടണം. മറ്റൊരു വിദ്യാർത്ഥിയോട് അതേസംഖ്യയെ വിരലുകൾ ഉപയോഗിച്ച് വേറൊരു വഴിയിൽ കണ്ടു പിടിക്കാൻ ആവശ്യപ്പെടണം. 1 മുതൽ 9 വരെയുള്ള സംഖ്യകളെ എല്ലാ രീതികളിലും കാണിക്കുന്നതിനായി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണം.

നമുക്ക് പരിശീലിക്കാമോ

എണ്ണി പറയുക.



എണ്ണി യോജിപ്പിക്കുക.



ചെയ്തു നോക്കാമോ

സംഖ്യാവിനോദം



അധ്യാപക സഹായി

ഒരു വിദ്യാർത്ഥി ഏതെങ്കിലും ഒരു സംഖ്യ പറയണം. വൃത്തകൃതിയിൽ നിൽക്കുന്ന മറ്റു വിദ്യാർത്ഥികൾ ആ സംഖ്യക്കനുസൃതമായി ഗ്രൂപ്പുകളായി വിഭജിച്ചു നിൽക്കണം. ഉദാഹരണമായി, ആ വിദ്യാർത്ഥി '3' എന്ന് പറഞ്ഞാൽ മറ്റ് വിദ്യാർത്ഥികൾ 3 പേർ ഉൾക്കൊണ്ട ഗ്രൂപ്പുകളായി വിഭജിച്ചുനിന്ന് ആ സംഖ്യയെ ഉച്ചത്തിൽ പറയണം.

പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

ചിത്രങ്ങളുടെ എണ്ണങ്ങൾക്കനുസൃതമായി മുത്തുകൾ വരയ്ക്കുക.



.....

.....

.....

സംഖ്യകൾ വായിച്ച് കാണിക്കുക.

1 5 2 6

8 3 9 7 4

ചെയ്തു നോക്കാമോ

സംഖ്യകളിൽ സ്പർശിച്ച് മനസ്സിലാക്കൽ



ഞാൻ സംഖ്യ 3 നെ തൊട്ടു മനസ്സിലാക്കി.



ഞാൻ സംഖ്യ 4 നെ തൊട്ടു മനസ്സിലാക്കി.

അധ്യാപക സഹായി

അധ്യാപിക ഗണിത ഉപകരണ പെട്ടിയിൽ ഉള്ള സംഖ്യാ സാൻഡ് പേപ്പർ ഉപയോഗിച്ച് വിദ്യാർഥികളെ 1 മുതൽ 9 വരെയുള്ള സംഖ്യകളെ സ്പർശിച്ച് മനസ്സിലാക്കാൻ പ്രോത്സാഹിപ്പിക്കണം.

നമുക്ക് പരിശീലിക്കാമോ

താഴെ തന്നിട്ടുള്ള പുള്ളികളെ ചേർത്ത് വരയ്ക്കുക.













നമുക്ക് പഠിക്കാമോ



1	1	1	1	1	1	1	1	1

2	2	2	2	2	2	2	2	2

3	3	3	3	3	3	3	3	3

അധ്യാപക സഹായി

വിദ്യാർത്ഥികളെ ചിത്രം നിരീക്ഷിച്ച് വസ്തുക്കളെ എണ്ണി ആ സംഖ്യ ഏതാണെന്ന് പറയാൻ പ്രോത്സാഹിപ്പിക്കുക തുടർന്ന് എഴുതാനുള്ള പരിശീലനം പ്രാവർത്തികമാക്കുക.

നമുക്ക് പരിശീലിക്കാമോ

എണ്ണി യോജിപ്പിക്കുക.







3

1

2

എണ്ണി എഴുതുക.







താഴെ തന്നിട്ടുള്ള സംഖ്യകൾക്കനുസൃതമായി ബലൂണുകൾക്ക്നിറം കൊടുക്കുക.

1



2



3



നമുക്ക് പഠിക്കാമോ



4	4	4	4	4	4	4	4	4

5	5	5	5	5	5	5	5	5

6	6	6	6	6	6	6	6	6

നമുക്ക് പരിശീലിക്കാമോ

എണ്ണി എഴുതുക.



താഴെ തന്നിട്ടുള്ള സംഖ്യകൾക്കനുസൃതമായി ചിത്രങ്ങൾക്ക് നിറം കൊടുക്കുക.

5



2



4



1



6



നമുക്ക് പഠിക്കാമോ



7	7	7	7	7	7	7	7	7

8	8	8	8	8	8	8	8	8

൭	൭	൭	൭	൭	൭	൭	൭	൭

നമുക്ക് പരിശീലിക്കാമോ

എണ്ണി എഴുതുക.



2

















പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

ചിത്രം നിരീക്ഷിച്ച് എണ്ണി എഴുതുക.





അധ്യാപക സഹായി

കുട്ടികൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയുടെ എണ്ണം എണ്ണി എഴുതാൻ പ്രോത്സാഹിപ്പിക്കുക. എത്ര ജിറാഫുകൾ ഉണ്ട്? എന്നതുപോലുള്ള ചോദ്യങ്ങൾ ചോദിച്ച് ഈ പ്രവർത്തനം വിപുലീകരിക്കുക.

പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

പാവകളെ എണ്ണി അതിന്റെ എണ്ണം നിറമിടുക വട്ടമിടുക.



1	**2**	3
5	4	3
4	6	5
3	4	5
6	8	7
9	7	8
2	3	4
6	7	8

താഴെ തന്നിട്ടുള്ള സംഖ്യകൾക്കനുസൃതമായി ചിത്രങ്ങളെ വട്ടമിടുക.

4



7



9





പഠനയാത്ര

1. കൂടുതലുള്ളവയ്ക്ക് (✓) ചെയ്യുക.





2. എണ്ണി എഴുതുക.



3. ഏതെങ്കിലും 7 പഴങ്ങൾക്ക് നിറം കൊടുക്കുക.



4. സംഖ്യകളെ വായിച്ചു കാണിക്കുക.

9 4 8 5 3

5. താഴെ തന്നിട്ടുള്ള സംഖ്യകൾക്കനുസൃതമായി ചിത്രങ്ങൾ വരയ്ക്കുക.

5



നാം പഠിച്ചവ

ഒന്നിനോടൊന്ന് യോജിപ്പിക്കൽ





കൂടുതൽ അല്ലെങ്കിൽ കുറവ്





വസ്തുക്കൾ എണ്ണൽ (1-9)





സംഖ്യകൾ വായിക്കൽ (1-9)

1 5 2 6

8 3 9 7 4



സംഖ്യകൾ എഴുതൽ (1-9)





4. വിട്ടുപോയവ ഏത്?

നമുക്ക് പഠിക്കാമോ



ഓട്ടപ്പന്തയം തുടങ്ങുന്നതിനുമുമ്പ് ഒരു നിശ്ചിത ക്രമത്തിൽ സംഖ്യകൾ പറയുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ?

ചെയ്തു നോക്കാമോ

1ൽ തുടങ്ങി ആരോഹണക്രമം എന്ന് പറഞ്ഞ് 9 വരെ പറയുക.

1 2 3 4 5 6 7 8 9

9ൽ തുടങ്ങി അവരോഹണ ക്രമം എന്ന് പറഞ്ഞ് 1 വരെ പറയുക.

9 8 7 6 5 4 3 2 1

നിലത്ത് 9 വട്ടങ്ങൾ വരച്ച് അവയ്ക്കുള്ളിൽ ക്രമത്തിൽ സംഖ്യകൾ എഴുതുക. വിദ്യാർത്ഥികളോട് ആ വട്ടങ്ങളിൽ കുതിച്ചുചാടാനാവശ്യപ്പെട്ട് 1 മുതൽ 9 വരെയുള്ള സംഖ്യകളെ ആരോഹണക്രമത്തിലും അവരോഹണ ക്രമത്തിലും എണ്ണുന്നതിനായുള്ള പരിശീലനം നൽകുക.

നമുക്ക് പരിശീലിക്കാമോ

സംഖ്യകളെ ആരോഹണക്രമത്തിൽ എഴുതുക.



സംഖ്യകളെ അവരോഹണക്രമത്തിൽ എഴുതുക.





അഭ്യാസം ചെയ്യാമോ

ആരോഹണക്രമത്തിലും അവരോഹണ ക്രമത്തിലും എണ്ണി വിട്ടുപോയ സംഖ്യകളെ പൂരിപ്പിക്കുക.





സംഖ്യകളെ ആരോഹണക്രമത്തിൽ എഴുതി ചിത്രശലഭത്തിനെ പൂക്കളുടെ അടുത്ത് എത്തിച്ചേരാൻ സഹായിക്കുക.



സംഖ്യകളെ ആരോഹണക്രമത്തിലോ അല്ലെങ്കിൽ അവരോഹണക്രമത്തിലോ എഴുതി യോജിപ്പിക്കുക.



നമുക്ക് പഠിക്കാമോ







നമുക്ക് പരിശീലിക്കാമോ

താഴെ തന്നിരിക്കുന്നവ പൂർത്തിയാക്കുക.

മുന്നിൽ വരുന്ന സംഖ്യ	പിന്നിൽ വരുന്ന സംഖ്യ	ഇടയിൽ വരുന്ന സംഖ്യ
4	2	2 ☐ 4
7	6	7 ☐ 9
5	3	5 ☐ 7
9	8	4 ☐ 6

നമുക്ക് പഠിക്കാമോ



ഞാൻ സംഖ്യ 1 ൽ നിന്നും രണ്ട് രണ്ടായി മുന്നോട്ട് ചാടുന്നു.

അതായത് നിങ്ങൾ 1, 3, 5, 7, 9 എന്നീ സംഖ്യകളിൽ ചാടി.



1 2 3 4 5 6 7 8 9



ഞാൻ സംഖ്യ 8 ൽ നിന്നും രണ്ട് രണ്ടായി പിന്നോട്ട്ചാടുന്നു.

അതായത് നിങ്ങൾ 8, 6, 4, 2 എന്നീ സംഖ്യ കളിൽ ചാടി.



9 8 7 6 5 4 3 2 1

നമുക്ക് പരിശീലിക്കാമോ

രണ്ട് രണ്ടായി മുന്നോട്ടു ചാടി എണ്ണി പൂർത്തിയാക്കുക.



രണ്ട് രണ്ടായി പുറകിലോട്ട് ചാടി എണ്ണി സംഘികളെ പൂർത്തിയാക്കുക.



നമുക്ക് പഠിക്കാമോ

അധ്യാപക ദിനത്തിൽ അരുണും ചിത്രയും അവരുടെ അധ്യാപികയ്ക്കുവേണ്ടി ഒരു പൂച്ചെണ്ടു ചെയ്യാൻ കുറച്ച് പൂക്കൾ കൊണ്ടുവന്നു.



എന്റെ കയ്യിൽ കൂടുതൽ പൂക്കൾ ഉണ്ട്.

അതെങ്ങനെയാണ് പറയുന്നത്?





എൻറെ കയ്യിൽ 7 പൂക്കൾ ഉണ്ട്. നിന്റെ കയ്യിൽ 4 പൂക്കൾ ഉണ്ട്. നിന്നെക്കാളും എന്റെ കയ്യിൽ കൂടുതൽ പൂക്കൾ ഉണ്ട്.

അതെ എന്റെ കയ്യിൽ കുറച്ചു പൂക്കളാണ് ഉള്ളത്



നമുക്ക് പരിശീലിക്കാമോ

എണ്ണി എഴുതി കൂടുതലുള്ളവയ്ക്ക് (✓) ചെയ്യുക.



എണ്ണി എഴുതി കുറവായവയ്ക്ക് (✓) ചെയ്യുക.



എണ്ണി എഴുതി വലിയ സംഖ്യ (✓) ചെയ്യുക.



എണ്ണി എഴുതി ചെറിയ സംഖ്യ (✓) ചെയ്യുക



നൽകപ്പെട്ടിട്ടുള്ള വസ്തുക്കളുടെ സമാഹാരത്തിൽ നിന്നും കുട്ടികൾ എപ്രകാരം കൂടുതൽ - കുറവ്, ചെറിയ സംഖ്യ - വലിയ സംഖ്യ എന്നിവയെ തിരിച്ചറിയുന്നു എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക

നമുക്ക് പരിശീലിക്കാമോ

രണ്ടു പെട്ടികളെയും സമമാക്കാൻ ആവശ്യമായ വസ്തുക്കളുടെ ചിത്രങ്ങൾ വരയ്ക്കുക.








വലിയ സംഖ്യ വട്ടമിടുക.

5	6	3	1	7	9	2	5	4	7

ചെറിയ സംഖ്യ വട്ടമിടുക.

1	3	3	5	4	6	4	8	6	2

പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

1. രണ്ടാമത്തെ പെട്ടിയിലെ പന്തുകളെക്കാൾ കൂടുതൽ പന്തുകൾ ആദ്യത്തെ പെട്ടിയിൽ വരയ്ക്കുക.




2. രണ്ടാമത്തെ പെട്ടിയിൽ കൂടുതൽ ആപ്പിളുകൾ വരുന്ന വിധത്തിൽ രണ്ടു പെട്ടികളിലും ആപ്പിളുകൾ വരയ്ക്കുക

പഠനയാത്ര

1. എണ്ണി എഴുതി കൂടുതലുള്ളതിന് (✓) ചെയ്യുക.



2. പിന്നോട്ട് എണ്ണി വിട്ടുപോയ സംഖ്യകൾ പൂരിപ്പിക്കുക.



3. മുന്നിലും പിന്നിലും വരുന്ന സംഖ്യകൾ എഴുതുക.

	8	

4. വലിയ സംഖ്യ വട്ടമിടുക.

9	7

5. രണ്ട് രണ്ടായി മുന്നോട്ട് ചാടി എണ്ണി പൂർത്തിയാക്കുക.



ഞാൻ പഠിച്ചവ

മുന്നോട്ടും പിന്നോട്ടും എണ്ണൽ





മുന്നിൽ വരുന്ന സംഖ്യ –
പിന്നിൽ വരുന്ന സംഖ്യ





കുതിച്ചുചാടി എണ്ണൽ





കൂടുതൽ – കുറവ്





വലിയ സംഖ്യ – ചെറിയ സംഖ്യ

7 , 9



ഞാൻ ചെയ്യും

താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

1. ഉരുളുന്നതും വഴുതുന്നതുമായ വസ്തുവിനെ (✓) ചെയ്യുക.

 ☐  ☐  ☐  ☐

2. പൂക്കളെ എണ്ണി എഴുതുക.

 ☐

3. പെട്ടിയുടെ അകത്തുള്ള പൊട്ടുകളെ എണ്ണി എഴുതുക.

 ☐

4. മുന്നിലും പിന്നിലും വരുന്ന സംഖ്യ എഴുതുക.

☐ 7 ☐

5. വലിയ സംഖ്യ വട്ടമിടുക.

3	8

ഞാൻ ചെയ്യും

6. സംഖ്യകൾ വായിച്ചു കാണിക്കുക.

8 9 5 1 6 3 4 2 7

7. ചിത്രത്തിൽ വട്ടമിട്ടിട്ടുള്ള വസ്തുക്കളെ നിരീക്ഷിച്ച് നിങ്ങളുടെ വീട്ടിൽ അതേ രൂപത്തിലുള്ള വസ്തുക്കളുടെ പേരുകൾ പറയുക.



പ്രോജക്ട്

8. നിങ്ങൾക്ക് ഇഷ്ടമുള്ള നിറങ്ങൾ നൽകി ഒരു ഘടന രൂപീകരിക്കുക.



9. താഴെ തന്നിട്ടുള്ള സംഖ്യകൾക്കനുസൃതമായി പൊട്ടുകൾ ഒട്ടുക.

5	8

യൂണിറ്റ് 2

ആരുടെ കൈവശമാണ് കൂടുതൽ?



ചെയ്തു നോക്കാമോ

തരംതിരിച്ച് താരതമ്യം ചെയ്യുക





കുട്ടികളോട് അവരുടെ കൈവശമുള്ള പെൻസിലുകൾ, ഷാർപ്നർ, നോട്ട് ബുക്കുകൾ, പുസ്തകങ്ങൾ എന്നിവ പ്രദർശിപ്പിക്കാൻ ആവശ്യപ്പെടുക. ആരുടെ കൈവശമാണ് കൂടുതൽ വസ്തുക്കൾ ഉള്ളത്? ആരുടെ കൈവശമാണ് കുറവ് വസ്തുക്കൾ ഉള്ളത്? എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.



നമുക്ക് പരിശീലിക്കാമോ

ചിത്രം നോക്കി കോളങ്ങൾ പൂർത്തിയാക്കുക.



 – ന്റെ എണ്ണം **1**

 – ളുടെ എണ്ണം

 – ളുടെ എണ്ണം

 – ളുടെ എണ്ണം

 – ളുടെ എണ്ണം

പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

ചിത്രം നിരീക്ഷിച്ച് വളകളുടെ എണ്ണം എഴുതുക.



 – ളുടെ എണ്ണം ☐

 – ളുടെ എണ്ണം ☐

 – ളുടെ എണ്ണം ☐

 – ളുടെ എണ്ണം ☐

ശരിയായവയ്ക്ക് (✓) ചെയ്യുക.

1.  എണ്ണത്തേക്കാൾ  എണ്ണം കുറവാണ്.

   ശരി ☐ തെറ്റ് ☐

2.  എണ്ണത്തേക്കാൾ  എണ്ണം കൂടുതലാണ്.

   ശരി ☐ തെറ്റ് ☐

3.  എണ്ണവും  എണ്ണവും സമമാണ്.

   ശരി ☐ തെറ്റ് ☐

നാം പഠിച്ചവ

വസ്തുക്കളെ തരംതിരിക്കൽ







കൂടുതൽ / കുറവ് / സമം എന്നിവ താരതമ്യം ചെയ്യൽ.

 എണ്ണത്തേക്കാൾ  എണ്ണം കുറവാണ്.

ശരി ☐ തെറ്റ് ☐





6. ആകെ ബലൂണുകൾ

നമുക്ക് പഠിക്കാമോ













അധ്യാപകൻ മുകളിൽ കൊടുത്തിട്ടുള്ള കഥ പറഞ്ഞുകൊടുത്ത്, സങ്കലനം, ആകെ, ആകെ തുക എന്നീ സങ്കലന (കൂട്ടൽ) സാഹചര്യം വിശദീകരിക്കുന്ന പദങ്ങൾ പരിചയപ്പെടുത്തുക.

നമുക്ക് പരിശീലിക്കാമോ

ആകെ എണ്ണം എത്ര?

		
2 പന്തുകളും	1 പന്തും	ആകെ എണ്ണം 3 പന്തുകൾ

		
പമ്പരങ്ങളും	പമ്പരങ്ങളും	ആകെ എണ്ണം പമ്പരങ്ങൾ

		
കാറ്റാടികളും	കാറ്റാടിയും	ആകെ എണ്ണം കാറ്റാടികൾ

		
കാറുകൾ +	കാറുകൾ	= കാറുകൾ

		
താറാവുകൾ +	താറാവുകൾ	= താറാവുകൾ



ദൈനംദിന ജീവിത സാഹചര്യങ്ങളിൽ (സങ്കലനം)കൂട്ടൽ സൂചിപ്പിക്കാൻ സങ്കലനം, ആകെ (മൊത്തം) എന്നീ പദങ്ങൾ ഉപയോഗിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും കൂട്ടൽ പ്രസ്താവനകളിൽ '+' ഉം '=' ഉം ഉപയോഗിക്കാൻ ശീലിപ്പിക്കുകയും ചെയ്യുക. ഇവിടെ '+' എന്നത് ആകെ (മൊത്തം) എന്നതിനെ സൂചിപ്പിക്കുന്നതിനും '=' എന്നത് 'ഉത്തരം' അല്ലെങ്കിൽ 'ഫലം ലഭിക്കുന്നത്' എന്നതിനെ സൂചിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു.

നമുക്ക് പരിശീലിക്കാമോ

ചിത്രങ്ങൾ വരച്ച് സങ്കലന ക്രിയ ചെയ്യുക.



2 + 2 = 4



__ + __ = __



__ + __ = __



__ + __ = __

നമുക്ക് പരിശീലിക്കാമോ

സൂചനകൾക്കനുസൃതമായി മുത്തുകൾ വരച്ച് സങ്കലനം കാണുക.

കൂടുതലായി 2 മുത്തുകൾ കോർക്കുക.



3 + 2 =

കൂടുതലായി 5 മുത്തുകൾ കോർക്കുക.



\+ =

കൂടുതലായി 1 മുത്ത് കോർക്കുക.



\+ =

കൂടുതലായി 6 മുത്തുകൾ കോർക്കുക.



\+ =

കൂടുതലായി 8 മുത്തുകൾ കോർക്കുക.



\+ =

കൂടുതലായി 1 മുത്ത് കോർക്കുക.



\+ =

കൂടുതലായി 4 മുത്തുകൾ കോർക്കുക.



\+ =

കൂടുതലായി 2 മുത്തുകൾ കോർക്കുക.



\+ =

നമുക്ക് പരിശീലിക്കാമോ

എണ്ണി എഴുതി കൂട്ടുക.



3 + 3 =



4

\+ 3



\+ =



\+



\+ =



\+



\+ =





\+

നമുക്ക് പരിശീലിക്കാമോ

എണ്ണി എഴുതി കൂട്ടുക.



4 + 3 = 7



__ + __ = __



__ + __ = __



__ + __ = __



__ + __ = __

വിരലുകൾ ഉപയോഗിച്ച് കൂട്ടൽ ക്രിയ ചെയ്യുക.

2	5	3	4
+ 1	+ 2	+ 1	+ 2
3			

നമുക്ക് പരിശീലിക്കാമോ

താഴെ തന്നിട്ടുള്ള സംഖ്യകളെ കൂട്ടി ശരിയായ ഉത്തരത്തോട് യോജിപ്പിക്കുക.





സങ്കലനക്രിയ ചെയ്യുക.

1 + 1 =	2 + 1 =	1 + 3 =	4 + 2 =
3 + 2 =	6 + 3 =	6 + 2 =	2 + 5 =

നമുക്ക് പരിശീലിക്കാമോ

സങ്കലനക്രിയ പൂർത്തിയാക്കുക.

4	+	5	=		1	+	2	=
5	+	3	=		2	+	3	=
3	+	1	=		3	+	4	=

സങ്കലനക്രിയ ചെയ്ത് ശരിയായ ഉത്തരത്തിന് നിറം നൽകുക.

4 + 2	6	7	8	9
4 + 4	6	7	8	9
5 + 2	6	7	8	9
7 + 2	6	7	8	9

ചെയ്തു നോക്കാം



അധ്യാപക സഹായി

ഒരു പാത്രത്തിൽ 8 വിത്തുകൾ ഇടുക. വിദ്യാർത്ഥികളിൽ ഒരാളോട് ഒരു പിടി വിത്ത് എടുത്ത് താഴെവച്ച് എണ്ണാൻ ആവശ്യപ്പെടുക. മറ്റൊരു കുട്ടിയോട് പാത്രത്തിൽ ബാക്കിയുള്ള വിത്തുകൾ എണ്ണി കൂട്ടൽ പ്രസ്താവന പറയാൻ ആവശ്യപ്പെടുക. 8 വരെയുള്ള എല്ലാ കൂട്ടൽ പ്രസ്താവനകളും വരുന്നതുവരെ കളി ആവർത്തിക്കുക.

പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

1. താഴെ തന്നിട്ടുള്ളവ പൂർത്തിയാക്കുക.





2. 2 നോട് 6 കൂട്ടിയാൽ എത്ര ലഭിക്കും?

   അ) 6 ആ) 7 ഇ) 8 ഈ) 9

3. 9 നെ ഉത്തരമായി തരുന്നത് ഏതാണ്?

   അ) 7 + 2 ആ) 4 + 3 ഇ) 5 + 3 ഈ) 4 + 4

4. താഴെപ്പറയുന്ന സങ്കലന ക്രിയയ്ക്ക് മീനുവും അനുവും വ്യത്യസ്ത രീതിയിൽ ഉത്തരം നൽകി. അവർ രണ്ടുപേരും നൽകിയ ഉത്തരങ്ങൾ ശരിയാണോ? ചർച്ച ചെയ്യുക.



മീനു

2 + 3 = 5



അനു

3 + 2 = 5



5. 8, 3, 5 എന്നീ സംഖ്യകൾ ഉപയോഗിച്ച് കൂട്ടൽ പ്രസ്താവനകൾ രൂപീകരിക്കുക.

☐ + ☐ = ☐

☐ + ☐ = ☐



പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

താഴെ തന്നിട്ടുള്ളവയുടെ ഉത്തരം എഴുതുക.



സേവ്യറിന്റെ കൈവശം 3 ഉണ്ട്. അവന്റെ സുഹൃത്ത് അവന് വീണ്ടും 2 കൊടുക്കുന്നു എങ്കിൽ ഇപ്പോൾ സേവ്യറിന്റെ കൈവശമുള്ള പെൻസിലുകളുടെ എണ്ണം എത്ര?

__ + __ = __

കുളത്തിൽ 2 . ഉണ്ട്. വീണ്ടും 2 നീന്തി വന്നു. എങ്കിൽ ഇപ്പോൾ കുളത്തിലുള്ള എത്ര ?

__ + __ = __





കുമാറിന്റെ കൈവശം 1 ഉണ്ട്. അവന്റെ അനുജത്തിയുടെ കൈവശം 5 ഉണ്ട്. എങ്കിൽ രണ്ടുപേരുടെയും കൈവശം ആകെ എത്ര ഉണ്ട്?

__ + __ = __

കൂടിന് പുറത്ത് ഒരു ഉണ്ട്. കൂട്ടിന് ഉള്ളിൽ മൂന്ന് ഉണ്ട്. എങ്കിൽ ആകെ എത്ര ഉണ്ട്?

__ + __ = __



പഠനയാത്ര

1. എണ്ണി എഴുതി കൂട്ടുക.



__ + __ = __

2. കൂട്ടി എഴുതുക.

$$\begin{array}{r} 5 \\ +\ 4 \\ \hline \\ \hline \end{array}$$

3. കൂട്ടി എഴുതുക.

4 + 4 = __

4. കൂട്ടൽ ക്രിയ പൂർത്തിയാക്കുക.

7 + __ = 9

5. അമീറിന്റെ കൈവശം 6 ഉണ്ട്. അവന്റെ അനുജന്റെ കൈവശം 3 ഉണ്ട്. എങ്കിൽ രണ്ടുപേരുടെയും കൈവശം ആകെ എത്ര ഉണ്ട്?

__ + __ = __

ഞാൻ പഠിച്ചവ

സംഖ്യകളെ ചേർക്കൽ		
സംഖ്യകളെ കൂട്ടൽ	6 + 1 = __	
കൂട്ടൽ പ്രസ്താവന പൂർത്തിയാക്കൽ	7 + __ = 9	
വഴിക്കണക്കുകൾക്ക് ഉത്തരം കാണൽ	കുളത്തിൽ 2 ഉണ്ട്. വീണ്ടും 2 നീന്തി വരുന്നു. എങ്കിൽ ഇപ്പോൾ കുളത്തിലുള്ള എത്ര?	

7. എനിക്ക് ചുറ്റുമുള്ള വസ്തുക്കൾ

നമുക്ക് പഠിക്കാമോ



അധ്യാപക സഹായി

ഈ സാഹചര്യത്തെക്കുറിച്ച് ചർച്ചചെയ്ത് നീളം കൂടിയത്, നീളം കുറഞ്ഞത് എന്നിവ സംബന്ധിച്ച തങ്ങളുടെ അനുഭവങ്ങളെ വിദ്യാർഥികളെ പങ്കുവയ്ക്കാൻ പ്രോത്സാഹിപ്പിക്കണം.

ചെയ്തു നോക്കാമോ

നീളം കൂടിയത് അല്ലെങ്കിൽ നീളം കുറഞ്ഞത്



അധ്യാപക സഹായി

കുട്ടികളെ രണ്ട് ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിൽ നിന്ന് ഒരു കുട്ടി ഒരേ വസ്തു കാണിക്കണം തുടർന്ന് അവയെ താരതമ്യം ചെയ്ത് നീളം കൂടിയതിനെയും നീളം കുറഞ്ഞതിനെയും പറയാനാവശ്യപ്പെടണം.

നമുക്ക് പരിശീലിക്കാമോ

നീളമുള്ള പച്ചക്കറിക്ക് (✓) ചിഹ്നമിടുക.




നീളം കുറഞ്ഞ പച്ചക്കറിക്ക് (✓) ചിഹ്നമിടുക.




നമുക്ക് പരിശീലിക്കാമോ

ആദ്യത്തെ എലിയുടെ വാലിനേക്കാൾ നീളമുള്ള വാൽ രണ്ടാമത്തെ എലിക്ക് വരയ്ക്കുക.





നീളം കുറഞ്ഞ മീനിന് നിറം നൽകുക.





ഏറ്റവും നീളമുള്ള വാഹനത്തിന് (✓) ചിഹ്നമിടുക.







ഏറ്റവും നീളം കുറഞ്ഞ പേനയ്ക്ക് (✓) ചിഹ്നമിടുക.







അന്വേഷിച്ച് കണ്ടെത്താം

1. നൽകപ്പെട്ടിട്ടുള്ള കോലത്തേക്കാൾ നീളം കുറഞ്ഞ കോലം വരയ്ക്കുക.



2. നൽകപ്പെട്ടിട്ടുള്ള സ്ഥലത്തിൽ നിങ്ങളുടെ പെൻസിലിനേക്കാൾ നീളമുള്ള ഒരു വസ്തു വരയ്ക്കുക.

നമുക്ക് പഠിക്കാമോ



അധ്യാപക സഹായി

മുകളിൽ കാണുന്ന സന്ദർഭം വിദ്യാർത്ഥികളുമായി ചർച്ചചെയ്ത് ഉയരം കൂടിയത് - ഉയരം കുറഞ്ഞത് സംബന്ധിച്ച തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കാൻ പ്രോത്സാഹിപ്പിക്കുക.

ചെയ്തു നോക്കാമോ

ഉയരമുള്ള ഗോപുരം നിർമ്മിക്കാം



അധ്യാപക സഹായി

കുട്ടികളെ രണ്ട് ഗ്രൂപ്പുകളായി പിരിച്ച് ചുറ്റുമുള്ള വസ്തുക്കൾ ഉപയോഗിച്ച് ഉയരമുള്ള ഗോപുരം നിർമ്മിക്കാൻ ആവശ്യപ്പെടുക. ഈ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്ത് ഉയരം കൂടിയത് - ഉയരം കുറഞ്ഞത് എന്നീ പദങ്ങൾ പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

നമുക്ക് പരിശീലിക്കാമോ

ഉയരം കുറഞ്ഞ കെട്ടിടത്തിന് വട്ടമിടുക.





ഉയരം കൂടിയ മരത്തിന് (✓) ചിഹ്നമിടുക.



☐



☐

നമുക്ക് പരിശീലിക്കാമോ

ഉയരമുള്ള കുട്ടിയ്ക്ക് (✓) ചിഹ്നമിടുക.




ഉയരം കുറഞ്ഞ ഫ്ളാസ്കിന് (✓) ചിഹ്നമിടുക.




ഏറ്റവും ഉയരമുള്ള മൃഗത്തിന് വട്ടമിടുക.





ഏറ്റവും ഉയരം കുറഞ്ഞ വട്ടമിടുക.





പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

ഇത് വീണ എന്ന പെൺകുട്ടിയുടെ കുടുംബ ചിത്രം.



i) വീണയുടെ അച്ഛനേക്കാൾ ഉയരം കുറഞ്ഞതും അവളുടെ സഹോദരനേക്കാൾ ഉയരം കൂടിയതും ആർക്കാണ്?





ii) കുടുംബത്തിൽ ഏറ്റവും കൂടുതൽ ഉയരം ഉള്ളത് ആർക്കാണ്?





നമുക്ക് പഠിക്കാമോ



ചെയ്തു നോക്കാമോ

അകലെ - അടുത്ത് കളി



അധ്യാപക സഹായി

വിദ്യാർത്ഥികളെ ഒരു വലിയ രേഖയിൽ നിൽക്കാൻ ആവശ്യപ്പെടുക. അവരിൽ മൂന്നു പേരോട് ആരംഭ രേഖയിൽ നിന്ന് ഒരു പന്ത് എറിയാൻ ആവശ്യപ്പെടുക. വിദ്യാർഥികളെ അകലെ - അടുത്ത് എന്നീ പദങ്ങൾ പ്രയോജനപ്പെടുത്താൻ പ്രോത്സാഹിപ്പിക്കണം.

നമുക്ക് പരിശീലിക്കാമോ

ബസ് സ്റ്റോപ്പിന് അടുത്തുള്ള വാഹനത്തിനെ (✓) ചെയ്യുക.



കരയിൽ നിന്നും അകലെയുള്ള ബോട്ടിനെ (✓) ചെയ്യുക.



നമുക്ക് പരിശീലിക്കാമോ

മുത്തശ്ശിയുടെ അടുത്ത് ഒരു വടി വരയ്ക്കുക.



പൂർത്തീകരണ രേഖയ്ക്ക് വളരെ അടുത്തുള്ള കുട്ടിയ്ക്ക് (✓) ചിഹ്നമിടുക.



വൃക്ഷത്തിൽ നിന്നും അകലെയായി ഒരു മൃഗത്തെ വരയ്ക്കുക.



വൃക്ഷത്തിന് വളരെ അകലെയുള്ള വാഹനത്തിന് (✓) ചിഹ്നമിടുക.



പാർവതിയുടെ വീടിന് വളരെ അടുത്തുള്ള സ്ഥലത്തിന് (✓) ചിഹ്നമിടുക.



പെൺകുട്ടിയുടെ അടുത്തും ആൺകുട്ടിയുടെ അകലെയുമായി വരുന്ന വിധത്തിൽ ഒരു വീട് വരയ്ക്കുക.





പഠനയാത്ര

1. വളരെ നീളം കുറഞ്ഞ പെൻസിലിന് (✓) ചിഹ്നമിടുക.



2. ഉയരമുള്ള മൃഗത്തിന് (✓) ചിഹ്നമിടുക.





3. പാർവതിയുടെ വീടിന് വളരെ അകലെയുള്ളതിന് (✓) ചിഹ്നമിടുക.



4. നീളമുള്ള നാടയ്ക്ക് (✓) ചിഹ്നമിടുക. താഴെ നൽകപ്പെട്ടിട്ടുള്ള ഭാഗത്തിൽ വളരെ നീളമുള്ള നാടവരച്ച് നിറം നൽകുക.



5. പന്ത്, നായയുടെ അടുത്താണോ അതോ അകലെയാണോ ഇരിക്കുന്നത്? ചർച്ച ചെയ്യുക.



ഞാൻ പഠിച്ചവ

നീളം കൂടിയത് - നീളം കുറഞ്ഞത്



ഉയരം കൂടിയത് - ഉയരം കുറഞ്ഞത്



അടുത്ത് - അകലെ





8. ബാക്കിയുള്ള ബലൂണുകൾ

നമുക്ക് പഠിക്കാമോ













അധ്യാപകൻ മുകളിൽ കൊടുത്തിട്ടുള്ള കഥയിൽ നിന്നും കുറവ്, ബാക്കി എന്നിങ്ങനെയുള്ള വ്യവകലന സന്ദർഭത്തിൽ വിശദീകരിക്കുന്ന പദങ്ങൾ പരിചയപ്പെടുത്തണം.

നമുക്ക് പരിശീലിക്കാമോ

ബാക്കി എത്ര?



7 പൂക്കൾ



3 കൊഴിഞ്ഞുപോയി എങ്കിൽ



ബാക്കി 4



3 കലങ്ങളിൽ



1 പൊട്ടിപ്പോയി എങ്കിൽ



ബാക്കി



4 പൂച്ചകളിൽ



1 ഓടിപ്പോയി എങ്കിൽ



ബാക്കി



9 ബലൂണുകളിൽ



3 പറന്നുപോയി എങ്കിൽ



ബാക്കി



പന്തുകളിൽ



എടുത്താൽ



ബാക്കി

അധ്യാപക സഹായി

ദൈനംദിന ജീവിതസാഹചര്യങ്ങളിൽ കൊഴിഞ്ഞുപോയി, പൊട്ടിപ്പോയി, ഓടിപ്പോയി, പറന്നുപോയി, എടുത്തു തുടങ്ങിയ വ്യവകലന പദങ്ങളെക്കുറിച്ച് കുട്ടികൾക്ക് ശീലമാക്കിക്കൊടുക്കേണ്ടതാണ്.

ചെയ്തു നോക്കാമോ

9 കപ്പുകൾ അടുക്കി വയ്ക്കുക.



ഒരു പന്ത് അവയുടെ പുറത്ത് എറിയുക.



3 കപ്പുകൾ ചരിഞ്ഞു വീണു

നിരീക്ഷിച്ച് ഉത്തരം പറയുക.



6 ബാക്കി

അധ്യാപക സഹായി

9 ൽ കവിയാതെയുള്ള കപ്പുകളെ കമിഴ്ത്തി വയ്ക്കുക. തുടർന്ന് ഒരു പന്ത് എറിഞ്ഞു കപ്പുകളെ വീഴ്ത്തുക. ബാക്കിയുള്ള കപ്പുകളുടെ എണ്ണം കുട്ടികൾ തന്നെ പറയത്തക്ക രീതിയിൽ അവരെ പ്രോത്സാഹിപ്പിക്കുക

നമുക്ക് പരിശീലിക്കാമോ

ചിത്രം നോക്കി ഉത്തരം കാണുക.

	3 - 2 = ☐
	☐ - ☐ = ☐
	☐ - ☐ = ☐
	☐ - ☐ = ☐

അധ്യാപക സഹായി

കുട്ടികൾക്ക് കുറയ്ക്കൽ പ്രസ്താവനകളെക്കുറിച്ച് നൽകപ്പെട്ടിട്ടുള്ള സമാഹാരത്തിൽ നിന്ന് ആ വസ്തുക്കളുടെ പുറത്ത് ഹ്രസ്വരേഖ വരച്ച് ബാക്കിയുള്ളവയെ കണ്ടുപിടിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. '–' എന്ന ചിഹ്നം വ്യവകലനത്തെ സൂചിപ്പിക്കാൻ പ്രയോജനപ്പെടുത്തുന്നു എന്നത് പരിചയപ്പെടുത്തിക്കൊടുക്കുക.

നമുക്ക് പരിശീലിക്കാമോ

താഴെ തന്നിട്ടുള്ളവയുടെ വ്യവകലനക്രിയ ചെയ്യുക.



$$\begin{array}{r} 4 \\ -\ 1 \\ \hline \\ \hline \end{array}$$



$$\begin{array}{r} \\ -\ \\ \hline \\ \hline \end{array}$$



$$\begin{array}{r} \\ -\ \\ \hline \\ \hline \end{array}$$



$$\begin{array}{r} \\ -\ \\ \hline \\ \hline \end{array}$$

വിരലുകൾ ഉപയോഗിച്ച് വ്യവകലനക്രിയ ചെയ്യുക.

നിവർത്തേണ്ട വിരലുകൾ	മടക്കേണ്ട വിരലുകൾ	$\begin{array}{r} 5 \\ -\ 2 \\ \hline 3 \end{array}$
	2 വിരലുകൾ	

$$\begin{array}{r} 3 \\ -\ 2 \\ \hline \\ \hline \end{array} \qquad \begin{array}{r} 6 \\ -\ 4 \\ \hline \\ \hline \end{array} \qquad \begin{array}{r} 9 \\ -\ 4 \\ \hline \\ \hline \end{array} \qquad \begin{array}{r} 8 \\ -\ 1 \\ \hline \\ \hline \end{array} \qquad \begin{array}{r} 9 \\ -\ 3 \\ \hline \\ \hline \end{array}$$

അധ്യാപക സഹായി

കൂടുതലായി വ്യവകലന കണക്കുകൾ രൂപീകരിച്ച് വിരലുകൾ ഉപയോഗിച്ച് വ്യവകലനക്രിയ ചെയ്യുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

നമുക്ക് പരിശീലിക്കാമോ

വ്യവകലനം ചെയ്ത്, ശരിയായി യോജിപ്പിക്കുക.



വ്യവകലനം ചെയ്യുക.

6 - 1 =	5 - 3 =
9 - 1 =	8 - 3 =
8 - 2 =	6 - 3 =
7 - 5 =	8 - 4 =
8 - 7 =	9 - 2 =



നമുക്ക് പരിശീലിക്കാമോ

കുറയ്ക്കൽ ക്രിയ ചെയ്യുക.

8 − 1 = 7	9 − 4 =	3 − 1 =	8 − 3 =
9 − 7 =	6 − 1 =	7 − 3 =	5 − 2 =

കുറക്കൽ ക്രിയ ചെയ്ത് ശരിയായ ഉത്തരത്തിന് നിറം നൽകുക.

7 - 5	2	3	4	5
8 - 3	2	3	4	5
9 - 6	2	3	4	5



ചെയ്തു നോക്കാമോ





